# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4600 | 25.06.2019-ന് മറുപടിയ്ക്ക് |
|---|---|

**ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുപ്പ്**

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | മഞ്ചേരി ജസീല ജംഗ്ഷനിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനായി മഞ്ചേരി വില്ലേജിലെ 520.8 ചതുരശ്രമീറ്റർ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) യും (ബി) യും (സി) യും | മഞ്ചേരി ജസീല ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിനായി മഞ്ചേരി, നറുകര വില്ലേജുകളിൽ നിന്നും 1249.80 ചതുരശ്ര മീറ്റർ (12.498 ആർ) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള എൽ.എ. നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.<br>മഞ്ചേരി പൊതുമരാമത്ത് റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും റിക്വിസിഷൻ ലഭ്യമായത് പ്രകാരം 09.08.2017 -ൽ സംയുക്ത സ്ഥലപരിശോധന നടത്തുകയും പ്രസ്തുത സ്ഥല പരിശോധനയിൽ കയ്യേറ്റം ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏറനാട് തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. തുടർന്ന് 13.04.2018-ൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ വച്ച് നടത്തപ്പെട്ട റവന്യൂ സർവ്വെ, പി.ഡബ്ല്യൂ.ഡി ഉദ്യോഗസ്ഥരുടെ യോഗത്തിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട സ്ഥലത്ത് ഒരു റിവിഷൻ സർവ്വെ നടത്തുന്നതിന് മലപ്പുറം സർവ്വെ ഡെപ്യൂട്ടി ഡയറക്ടർക്കും സർവ്വെ പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏറനാട് തഹസിൽദാർക്കും നിർദ്ദേശം നല്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റീസർവ്വെ റിക്കാർഡിൽ വന്നിട്ടുള്ള വ്യത്യാസം നാളതുപ്രകാരം മാറ്റം വരുത്തി റിക്കാർഡിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് മലപ്പുറം സർവ്വെ ഡെപ്യൂട്ടി ഡയറക്ടർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് റിവിഷൻ സർവ്വെ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | | |
| (സി) | റീ സർവ്വെ റിക്കോർഡിൽ വന്നിട്ടുള്ള വ്യത്യാസം നാളതീകരിച്ച് റിക്കാർഡിൽ ആവശ്യമായ ഭേദഗതി വരുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ മലപ്പുറം സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | | |
| (ഡി) | പ്രസ്തുത റിപ്പോർട്ട് സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ഡി) യും (ഇ) യും | ഇല്ല. കറക്ഷൻ സ്കെച്ച്, റിവൈസ്ഡ് സ്കെച്ച് എന്നിവ തയ്യാറാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ സർവെ സൂപ്രണ്ടിന് ലഭ്യമാക്കുവാൻ ഏറനാട് ഭൂരേഖ തഹസീൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ജോലിക്കായി ഏറനാട് താലൂക്ക് ഓഫീസിലെ 3 സർവെയർമാർ ഉൾപ്പെടുന്ന ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കാൻ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിരുന്നത്;വിശദാംശങ്ങൾ നൽകുമോ ? | | |

സെക്ഷൻ ഓഫീസർ